**പത്രക്കുറിപ്പ്**

ഭാരതീയ റിസർവ്വ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്
മുംബൈ-400001

ഏപ്രിൽ 26, 2017

**അലഹാബാദ് ഹൈക്കോടതിയുടെ 150ാം വാർഷികത്തോടനുബന്ധിച്ച് 5 രൂപ നാണയം പുറപ്പെടുവിക്കുന്നു**

ഭാരത സർക്കാർ പുറപ്പെടുവിക്കുന്ന മുകളിൽ സൂചിപ്പിച്ച നാണയം ഭാരതീയ റിസർവ്വ് ബാങ്ക് താമസിയാതെ പ്രചാരത്തിൽ ഇറക്കുന്നതാണ്.

ന്യൂഡൽഹിയിലുള്ള ധനമന്ത്രാലയത്തിൻ കീഴിൽ പ്രവർത്തിക്കുന്ന ഇക്കണോമിക് അഫയേഴ്സ് വിഭാഗം ഈ നാണയങ്ങളുടെ മാതൃകയും മറ്റു വിശദാംശങ്ങളും 2016 ഫെബ്രുവരി 23 ലെ നം.ജി.എസ്.ആർ 191(ഇ) അസാധാരണ ഗസറ്റിൽ ഭാഗം II, ഉപവിഭാഗം 3(1) - വിജ്ഞാപനം ചെയ്തിരിക്കുന്നത് ഇങ്ങനെയാണ്:

**മുൻഭാഗം**

നാണയത്തിന്റെ മുൻഭാഗത്ത് അശോക സ്തംഭത്തിലുള്ള സിംഹത്തിന്റെ രൂപവും 'സത്യമേവ ജയതേ' എന്ന ആലേഖനവും ഇടതുവശത്ത് ദേവനാഗരി ലിപിയിൽ 'ഭാരത്' എന്നും വലത്ത് ആംഗലേയ ഭാഷയിൽ 'ഇന്ത്യ' എന്നും രൂപയുടെ അടയാളമായ, ₹ നാണയത്തിന്റെ മൂല്യമായ '5' എന്ന അക്കം എന്നിവ സിംഹത്തിന്റെ രൂപത്തിന്റെ താഴെയായും കാണിച്ചിരിക്കുന്നു.

**പിൻഭാഗം**

അലഹബാദ് ഹൈക്കോടതി കെട്ടിടത്തിന്റെ പൂമുഖത്തിന്റെ പ്രതിരൂപം നല്കിയിരിക്കുന്നു. ഹൈക്കോടതിയുടെ 150ാം വാർഷികാഘോഷങ്ങൾ എന്ന് ദേവനാഗരി ലിപിയിലും ആംഗല ഭാഷയിലും യഥാക്രമം നാണയത്തിന്റെ മുകളിലും താഴെയുമായി ആലേഖനം ചെയ്തിരിക്കുന്നു. 2011 ലെ നാണയ നിയമപ്രകാരം ഈ നാണയങ്ങൾ നിയമാനുസൃതമായി സ്വീകാര്യമായിരിക്കും. ഇതേ മൂല്യമുള്ള ഇപ്പോൾ നിലവിലുള്ള എല്ലാ നാണയങ്ങളും നിയമാനുസൃതമായി സ്വീകാര്യമായ നാണയമായിരിക്കും.

അജിത് പ്രസാദ്
അസിസ്റ്റന്റ് അഡ്വൈസർ

പത്രപ്രസ്താവന: 2016-2017/2903